**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - കുന്നംകുളം നഗരസഭ - നഗരസഭാ പരിധിയിലെ നെൽക്കൃഷി ആരംഭിച്ചിട്ടുള്ള പാടശേഖരങ്ങളിൽ ജലസേചനത്തിന് മോട്ടോർ പമ്പ് സെറ്റ് വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.169/2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 26/01/2019

---

പരാമർശം :- (1) കുന്നംകുളം നഗരസഭ ചെയർപേഴ്സന്റെ 24.12.2018 ലെ കത്ത്.

(2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ൽ ചേർന്ന യോഗത്തിലെ തീരുമാനം. നം.4.47.

**ഉത്തരവ്**

മാർഗ്ഗരേഖപ്രകാരം പാടശേഖരങ്ങളിൽ ജലസേചനത്തിന് മോട്ടോർ പമ്പ് സെറ്റ് വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തിനാണ് ഏറ്റെടുക്കാവുന്നത്. കുന്നംകുളം നഗരസഭയിലെ തരിശായി കിടന്ന പാടശേഖരങ്ങളിൽ നെൽകൃഷി ആരംഭിച്ചിട്ടുള്ളതിനാൽ നഗരസഭകൾക്കു കൂടി ഇത്തരം പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകണമെന്ന് സൂചന (1) പ്രകാരം കുന്നംകുളം നഗരസഭ ചെയർപേഴ്സൺ അഭ്യർത്ഥിച്ചിട്ടുണ്ട്. ടി വിഷയം 31.12.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും പരാമർശം(2) പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദയമായി പരിശോധിച്ചു. നഗരസഭാ പരിധിയിലെ നെൽക്കൃഷി ആരംഭിച്ചിട്ടുള്ള പാടശേഖരങ്ങളിൽ ജലസേചനം നടത്തുന്നതിന് മോട്ടോർ പമ്പ് സെറ്റ് വിതരണം ചെയ്യുന്ന പ്രോജക്ട് ഏറ്റെടുക്കുന്നതിന് കുന്നംകുളം നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിനിമോൾ.ഡി
ഡെപ്യൂട്ടി സെക്രട്ടറി

ചെയർപേഴ്സൺ, കുന്നംകുളം നഗരസഭ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കുന്നംകുളം നഗരസഭ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.